പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2998 20/12/2012 ൽ മറുപടിയ്ക്ക്

## അമ്പലപ്പുഴയിൽ മിനി സിവിൽ സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ | ശ്രീ. അടൂർ പ്രകാശ് (ബഹു.റവന്യുവും കയറും വകുപ്പ് മന്ത്രി) |
| (എ) അമ്പലപ്പുഴയിൽ മിനി സിവിൽ സ്റ്റേഷൻഅനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി 37.60 ആർ പുരയിടം കണ്ടെത്തിയിരുന്നു.ഇവിടെ പ്രവർത്തിച്ചു വരുന്ന കോടതി ഉൾപ്പെടെയുള്ള 10 ഓഫീസുകളെ മറ്റ് കെട്ടിടങ്ങളിലേക്ക് മാറ്റി നിർമ്മാണം ആരംഭിക്കുവാൻ അനുവാദം ചോദിച്ചിരുന്നു. എന്നാൽ അമ്പലപ്പുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോടതി മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായി ബഹു. കേരള ഹൈക്കോടതി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അമ്പലപ്പുഴ ,പുന്നപ്ര, പുറക്കാട് എന്നീ വില്ലേജുകളിൽ മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിനായി അനുയോജ്യമായ സ്ഥലം ലഭ്യമാക്കുവാൻ അന്വേഷണം നടത്തിയെങ്കിലും അനുയോജ്യമായ സ്ഥലം ടി വില്ലേജുകളിൽ കണ്ടെത്താനായിട്ടില്ല.അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന |

മുറയ്ക്ക് മാത്രമേ അമ്പലപ്പുഴ മിനി സിവിൽസ്റ്റേഷൻ നിർമ്മാണം പരിഗണിക്കുവാൻ കഴിയൂ.

(ബി) പുതിയ മിനി സിവിൽ സ്റ്റേഷൻ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോ;

(സി) എങ്കിൽ വിശദമാക്കുമോ?

**(ബി യും സി യും)** **മിനിസിവിൽ സ്റ്റേഷൻ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഇല്ല. ജനപ്രതിനിധികളുടെ ആവശ്യമനുസരിച്ചും, ഒരു നിശ്ചിത സ്ഥലത്തെ ഓഫീസുകളിലധികവും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വസ്തുത മനസ്സിലാക്കിയും,മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥല ലഭ്യത ഉറപ്പുവരുത്തിയുമാണ് മിനിസിവിൽസ്റ്റേഷൻ നിർമ്മാണത്തിന് അനുമതി നൽകുന്നത്.**

സെക്ഷൻ ഓഫീസർ